G.U.P SCHOOL

PANAMKUTTICHIRA

# സ്പന്ദനം

E- PAPER | SECOND EDITION

Visit us: gupspanamvisions.blogspot.com

# ആമുഖം

**സ്പന്ദനം** എന്ന പേരിൽ പനംകുറ്റിച്ചിറ സ്കൂളിലെ പ്രധാന വാർത്തകൾ ഉൾപ്പെടുത്തി ജൂൺ -ജൂലൈ മാസങ്ങളിൽ പുറത്തിറക്കിയ e- പത്രം എല്ലാവരും വായിച്ചു എന്ന് കരുതുന്നു . സ്കൂളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ പൊതുജനങ്ങളുമായി പങ്കു വെയ്ക്കുകയാണ് ഈ പത്രം തയ്യാറാക്കുന്നതിന്റെ ലക്ഷ്യം. എല്ലാ നല്ലവരായ അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു. ഇതൊരു ഇ- പത്രം ആയതിനാൽ കഴിയുന്ന വിധത്തിൽ മറ്റുള്ളവരുമായി വാട്സപ്പിലൂടെയും മറ്റു സാമൂഹ്യ മാധ്യമങ്ങളിലൂടെയും പങ്കു വയ്ക്കുവാൻ എല്ലാവരും ശ്രമിക്കണമെന്ന് അഭ്യർഥിക്കുന്നു.



ശ്രീ .സുഗീഷ് എൻ. എസ്
പി ടി എ പ്രസിഡന്റ്



ശ്രീമതി .ലീന സി .ടി
ഹെഡ്മിസ്ട്രസ്

വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ വിദ്യാലയ വിശേഷങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കുവാൻ പറ്റിയ നൂതനവും ചെലവ് കുറഞ്ഞതുമായ ഒരു മാർഗ്ഗമാണ് ഇ -ന്യൂസ് പേപ്പർ. ഓരോ അധ്യയന വർഷവും വിദ്യാലയത്തിൽ നടക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളും ദിനാചരണങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുവാൻ പറ്റിയ മാർഗ്ഗവും കൂടിയാണിത് .

ഇതിലുണ്ടാകുന്ന അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നല്ലവരായ ഓരോരുത്തരുടെയും ഉപദേശ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

ഈ കൊച്ചു സംരംഭത്തെ പ്രോത്സാഹിപ്പിച്ചവർക്കും സഹായിച്ചവർക്കുമായി കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. ഏവരുടെയും അനുഗ്രഹാശിസ്സുകൾ അഭ്യർത്ഥിച്ചുകൊള്ളുന്നു .ആദ്യ ലക്കം വായിക്കുകയും അതിനു നല്ലൊരു പ്രോത്സാഹനം തരികയും ചെയ്ത എല്ലാ അഭ്യുദയകാംക്ഷികളോടും നന്ദി പറയുന്നതിനായി ഈ അവസരം വിനിയോഗിക്കട്ടെ .രണ്ടാം ലക്കം നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം
ഹസിൻ ജോസഫ്
എഡിറ്റർ

ലക്കം 2 ഒക്ടോബർ 2019

**വൈവിധ്യമേറിയ, പുതുമയുള്ള വാർത്തകളുമായി ഞങ്ങൾ തുടരട്ടെ ....**


# e പത്ര പ്രകാശനം





**സെപ്തംബർ രണ്ടിനു സ്പന്ദനം എന്ന പേരിൽ പുറത്തിറക്കിയ e പത്രത്തിന്റെ പ്രകാശനം ,ഒല്ലൂർ 29 -ആം ഡിവിഷൻ കൗൺസിലർ ശ്രീ .സി. പി . പോളി നിർവ്വഹിച്ചു.തദവസരത്തിൽ ഹെഡ്മിസ്ട്രസ് ശ്രീമതി . ലീന .സി .ടി , പി ടി എ പ്രസിഡന്റ് ശ്രീ സുഗീഷ് .എൻ .എസ് ,പി ടി എ വൈസ് പ്രസിഡന്റ് ശ്രീ.ജോസി മുരിങ്ങാത്തേരി,എം പി ടി എ പ്രസിഡന്റ് ശ്രീമതി .ജിൻഷാ .കെ .ആർ മറ്റു രക്ഷിതാക്കൾ,അധ്യാപകർ,അഭ്യുദയകാംക്ഷികൾ എന്നിവർ പങ്കെടുത്തു . വരും മാസങ്ങളിൽ പ്രകാശനം ചെയ്യാൻ പോകുന്ന e പത്രത്തിന് ആശംസകൾ നേരുന്നതിനൊപ്പം പിന്തുണയും നൽകിയെത്തിയ നമ്മുടെ രക്ഷിതാക്കൾ ,ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്ക് പുത്തൻ ഉണർവ്വേകി .**

## അഭിനന്ദനങ്ങൾ




തൃശ്ശൂർ അർബൻ റിസോഴ്സ് സെൻ്റർ BPO Dr. .ബെന്നി ജേക്കബ് .C വാട്സാപ്പിലൂടെ നൽകിയ അനുമോദനം ,സ്കൂളിലെ e പത്രത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രചോദനം നൽകുന്നതായിരുന്നു.

## പത്ര വാർത്തയിൽ



പനംകുറ്റിച്ചിറ ഗവ. യുപി സ്കൂളിൽ ഇ- പേപ്പർ പ്രകാശനം കൗൺസിലർ സി.പി. പോളി നിർവഹിക്കുന്നു.

### സ്കൂളിൽ ഇ -പേപ്പർ

ഒല്ലൂർ● പനംകുറ്റിച്ചിറ ഗവ. യുപി സ്കൂളിലെ വിദ്യാർഥികൾ 'സ്പന്ദനം' എന്ന പേരിൽ ഇ-പേപ്പർ തുടങ്ങി.

കൗൺസിലർ സി.പി.പോളി പ്രകാശനം നിർവഹിച്ചു. സ്കൂളിന്റെ പേരിലുള്ള യുട്യൂബ് ചാനലിന്റെ പ്രകാശനം പിടിഎ പ്രസിഡന്റ് എൻ. എസ് സുരേഷ് നിർവഹിച്ചു. പ്രധാനാധ്യാപിക സി. ടി. ലീന, എംപിടിഎ പ്രസിഡന്റ് കെ. ആർ. ജിൻഷ, ജോസി മുരിങ്ങാത്തേരി, ഹസിൻ ജോയ് എന്നിവർ പ്രസംഗിച്ചു.

e- പത്ര പ്രകാശനം, പ്രമുഖ പത്രമായ മലയാള മനോരമ റിപ്പോർട്ട് ചെയ്തു .

## നമ്മുടെ കുഞ്ഞുമക്കളിലേക്ക്

## ( മണ്ണും മഴയും ..)

**പ്രീ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾ, പഠന പ്രവർത്തനത്തിന്റെ ഭാഗമായി മഴ ആസ്വദിക്കുന്നു.**





## കടലാസിലെ കരവിരുത്

**പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പ്രീ പ്രൈമറിയിലെ കുട്ടികൾ ഉണ്ടാക്കിയ മുഖം മൂടികളും കരകൗശല വസ്തുക്കളും.**





# പതാക നിർമ്മാണ പരിശീലനം

സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി കുട്ടികൾക്കു  പതാക നിർമ്മാണ പരിശീലനം നടന്നു.അധ്യാപകരായ ശ്രീമതി. സിന്ധു പി .ഡി യും ശ്രീമതി. ബിന്ദു ടി .എ യുമാണ് പരിശീലനത്തിന് നേതൃത്വത്തെ നൽകിയത്. കുട്ടികൾ വളരെ ആവേശത്തോടെയാണ് പരിശീലനത്തിൽ പങ്കെടുത്തത്.എല്ലാ കുട്ടികൾക്കും പതാക നിർമ്മാണത്തിന് സാധിച്ചു എന്നത് ഏറെ  സന്തോഷം  നൽകുന്നു .




അധ്യാപകരായ ശ്രീമതി സിന്ധു പി ഡി ,ശ്രീമതി ബിന്ദു ടി എ എന്നിവർ പതാക നിർമ്മാണ പരിശീലനത്തിന് നേതൃത്വം നൽകി .




കുട്ടികൾ നിർമ്മിച്ച  പതാകയുമായി ഹെഡ്മിസ്ട്രസ് ശ്രീമതി . ലീന സി .ടി യോടൊപ്പം .

# ചിത്ര രചനാ മത്സരം (സ്വാതന്ത്ര്യ ദിനം )



സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് നടന്ന ചിത്ര രചന മത്സരത്തിൽ പങ്കെടുത്തവർ  വരച്ച ചിത്രങ്ങളുമായി എത്തിയപ്പോൾ .

# സ്വാതന്ത്ര്യദിന ക്വിസ്





അധ്യാപികയായ
ശ്രീമതി. ജ്യോതി സി വി യുടെ
നേതൃത്വത്തിൽ യു പി ക്ലാസ്സിലെ
കുട്ടികൾക്ക് സ്വാതന്ത്ര്യ ദിന
ക്വിസ് മത്സരം നടന്നു.

യു പി തലം

ജിസ്സമരിയ ജോജി (ഒന്നാം സ്ഥാനം)

ദേവിക വി ഡി (രണ്ടാം സ്ഥാനം )

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്ക അസ്സംബ്ലിയിൽ സമ്മാന വിതരണം നടത്തിയപ്പോൾ LP,UP,പ്രീപ്രൈമറി വിഭാഗത്തിൽ നിന്നുള്ളവർ ഹെഡ്മിസ്ട്രസ് ശ്രീമതി. ലീന സി ടി യോടൊപ്പം .







# നട്ടു നനക്കാൻ കുട്ടികളും

സംസ്ഥാന സർക്കാരും കൃഷി വകുപ്പും കൂടിച്ചേർന്നു നടപ്പാക്കുന്ന പാഠം ഒന്ന് പാടത്തേക്കു എന്ന പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് 26 നു സ്കൂൾ അസ്സംബ്ലിയിൽ പ്രത്യേക പ്രതിജ്ഞ എടുത്തു.കൃഷി ഭവനിൽ നിന്നും എത്തിയ അഗ്രികൾച്ചർ അസിസ്റ്റന്റ് ശ്രീമതി. നിമിഷ പി എം ആയിരുന്നു കുട്ടികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്.





പാഠം ഒന്ന് പാടത്തേക്ക് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് ഒല്ലൂർ വൈലോപ്പിള്ളി സ്കൂളിൽ നടന്ന പരിപാടിയിൽ സ്കൂളിലെ കുട്ടികളും അധ്യാപികയായ ശ്രീമതി. പി .രജനിയും പങ്കെടുത്തു .തൃശ്ശൂർ കോർപറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കരോളിൻ ജ്വാഷ്വാ , ഒല്ലൂർ 29 -ആം ഡിവിഷൻ കൗൺസിലർ ശ്രീ. സി. പി പോളി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



# ഒറിഗാമി പരിശീലനം (സഡാക്കോ )




ഹിരോഷിമ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് സഡാക്കോ കൊക്കുകൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം അധ്യാപികയായ ശ്രീമതി.ജ്യോതി സി വി യുടെ നേതൃത്വത്തിൽ നടന്നു. യു പി ക്ലാസ്സിലെ എല്ലാ കുട്ടികളും പരിശീലനത്തിൽ പങ്കെടുത്തിരുന്നു.

## ഹിരോഷിമ ദിനം




കുട്ടികൾ നിർമ്മിച്ച പ്ലക്കാർഡുകളും സഡാക്കോ കൊക്കുകളും അസംബ്ലിയിൽ പ്രദർശിച്ചപ്പോൾ .




.

ഹിരോഷിമ ദിനത്തിൽ നടന്ന വീഡിയോ പ്രദർശനം ,യുദ്ധത്തിൽ നേരിടേണ്ടി വരുന്ന കഷ്ടതകളും അനന്തര ഫലങ്ങളും മനസ്സിലാക്കുന്നതിനു വഴിയൊരുക്കി .

# സ്കൂളിലെ സീഡ് പ്രവർത്തനങ്ങൾ

**സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ ഒരുക്കിയ കൃഷി തോട്ടവും പൂന്തോട്ടവും .അധ്യാപികയായ ശ്രീമതി സാനി .സി. ജോർജ് ആണ് സീഡ്പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.**







## ഉച്ചയൂണിനു എന്റെ പങ്ക്

**കുട്ടികൾ കൊണ്ടുവന്ന വിഭവങ്ങൾ സ്കൂൾ അസ്സംബ്ലിയിൽ കൈമാറുന്നു.**



സൂരജ് ഗോപിക,സൂര്യനന്ദ



ആദിശങ്കർ,ആര്യ നന്ദ






ബഞ്ചമിൻ ,നിബിൻ,നോബിൻ

# ഞങ്ങൾ മെനയുന്ന സ്വപ്നങ്ങൾ

നിർമ്മാണ പ്രവർത്തനങ്ങളിൽ നമ്മുടെ കുട്ടികൾ മുൻ നിരയിലേക്ക് വരുന്നതിന്റെ തെളിവായി അഞ്ചാം ക്ലാസ്സിലെ സേതുമാധവൻ കാർഡ്ബോർഡിൽ ഉണ്ടാക്കിയ ജീപ്പ് ,നാലാം ക്ലാസ്സിലെ ശ്രാവൺ ഉണ്ടാക്കിയ ഫാൻ എന്നിവ സ്കൂൾ അസ്സംബ്ലിയിൽ പ്രദർശിപ്പിക്കുന്നു .മറ്റു കുട്ടികൾക്ക് ഇത് വളരെ പ്രചോദനമായി .



സേതുമാധവൻ





ശ്രാവൺ

# വിജ്ഞാനോത്സവം

കുട്ടികളിലെ ശാസ്ത്രാഭിരുചി വർധിപ്പിക്കുന്നതിനായി വർഷം തോറും നടത്തിവരുന്ന വിജ്ഞാനോത്സവ ക്വിസ് സ്കൂളിൽ നടത്തി.യു .പി തലത്തിൽ ശ്രീമതി. രേണദാസ് എം .ആർ ഉം, എൽ. പി തലത്തിൽ ശ്രീമതി. സിന്ധു പി .ഡി യും പരീക്ഷ നടത്തിപ്പിന് നേതൃത്വം നൽകി.ക്വിസിൽ എൽ പി ,യു പിതലങ്ങളിൽ യഥാക്രമം ഫെറിക് ഷിമനോവ് ,ദേവിക വി ഡി എന്നിവർ ഒന്നാംസ്ഥാനവും കൗസല്യ,ഷിധിൻ പി എസ് (നാലാംക്ലാസ്സ്),മനീറ ഗാത്തുൻ(ഏഴാം ക്ലാസ് ) എന്നിവർ രണ്ടാം സ്ഥാനവും നേടി .





വിജ്ഞാനോൽസവ പരീക്ഷയിൽ നിന്നും

## അധ്യാപക ദിനാചരണം













കുട്ടികൾ അധ്യാപകർക്ക് പൂച്ചെണ്ടു നൽകി ആദരിക്കുന്നു.കുട്ടികളുടെ സംഘഗാനം ചടങ്ങിന് മാറ്റ് കൂട്ടി .അധ്യാപികയായ ശ്രീമതി .രേണുദാസ് എം ആർ ഒരു ഹിന്ദി സിനിമ ഗാനവും ആലപിച്ചു.

## വിദ്യാരംഗം കലാസാഹിത്യ വേദി



വിദ്യാരംഗം കലാസാഹിത്യ വേദി യുടെ നേതൃത്വത്തിൽ നടന്ന പഠന ക്യാമ്പിൽ

പങ്കെടുത്തവർക്ക് മൊമെന്റോയും സർട്ടിഫിക്കറ്റും അസ്സംബ്ലിയിൽ വിതരണം ചെയ്തു.

## ഓണാഘോഷം











ഏഴാം ക്ലാസ്സിലെ വിഷ്ണു .സി. ആർ  മാവേലിയായും ഫെറിക് ഷിമനോവ് ,വിഷ്ണുപ്രിയൻ .പി .ആർ എന്നിവർ കുമ്മാട്ടിയായും വേഷം ഇട്ടു . തുടർന്നുണ്ടായ ഓണസദ്യയും ഓണക്കളികളും കുട്ടികൾ ഏറെ  ആസ്വദിച്ചു .ഓണാഘോഷത്തിൽ പി ടി  എ അംഗങ്ങളുടെ സഹകരണം എടുത്തു പറയേണ്ട ഒന്നാണ്.

## ക്ഷയ രോഗത്തിനെതിരെ ബോധവൽക്കരണം



ക്ഷയ രോഗത്തിനെതിരെ നടത്തിയ ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂൾ അസ്സെംബ്ലിയിൽ തുവാല പറപ്പിക്കലും പ്രതിജ്ഞയും നടന്നു.തുമ്മുമ്പോഴും ചുമക്കുമ്പോഴും വായുവിലൂടെ പകരുന്ന അസുഖങ്ങൾതടയുന്നതിന് തുവാല കൊണ്ട് വായും മൂക്കും മറക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു ബോധവൽക്കരണം.

## നന്ദിയുടെ വാടാമലരുകൾ ..

**സ്പന്ദനം എന്ന പേരിൽ 2019 20 അധ്യയന വർഷത്തിൽ പുറത്തിറക്കുന്ന e -പത്രത്തിന്റെ രണ്ടാം ലക്കത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആയ എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയാൻ ഈ അവസരം വിനിയോഗിക്കുന്നു. ഇത് ഒരു e പത്രം  ആയതിനാൽ നിലവിലുള്ള സാമൂഹ്യ മാധ്യമങ്ങളിലൂടെ എല്ലാവരിലേക്കും എത്തിക്കുമെന്ന് കരുതട്ടെ.**

**VISIT:**

**OUR YOU TUBE CHANNEL:**YOU TUBE LINK നായി ഇവിടെ ക്ലിക്ക് ചെയ്യൂ

**OUR BLOG:**

**gupspanamvisions.blogspot.com** ബ്ലോഗിലേക്ക് പോകുന്നതിനായി ഇവിടെ ക്ലിക്ക് ചെയ്യൂ